# കാറൽമാൻ
# എമ്പ്രദോരുടെ ചരിത്രം

(അഞ്ചു ഭാഗങ്ങളടങ്ങിയതു്)

---

പ്രകാശകൻ,

കെ. നാരായണൻ,

“വിദ്യാരംഭം” പ്രസ്സ് & ബുക്കഡിപ്പോ,

മുല്ലയ്ക്കൽ–ആലപ്പുഴ

Mo/ 923.1

കോപ്പി 1000. KAR–N വില രൂപാ 2-8-0.

ഡിസംബർ 1952.

“വിദ്യാരംഭം” പ്രസ്സ്, ആലപ്പുഴ.

St. Joseph's Seminary Library Alwaye 7713

National Book Stall Kottayam. Kalarikal Bazaar

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

ഈ പുസ്തകത്തിൻെറ സവ്വ അവകാശങ്ങളും
വിദ്യാരംഭം പ്രസ്സ് & ബുക്കു് ഡിപ്പോ
ഉടമസ്ഥൻെറ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org
ST JOSEPH'S AP. SEMINARY ... ALWAYE

ശുഭമസ്തു

ഫ്രാൻസ് രാജ്യത്തിൻെറ പ്രബലചക്രവർത്തികളിൽവെച്ചു
പ്രാജ്യപ്രശംസയ്ക്കർഹനും, മഹാപ്രവീണപ്രമുഖനുമായി
ക്രിസ്ത്വബ്ദം എട്ടാംനൂറാണ്ടിൽ ഫ്രാൻസ്, ജർമ്മാന്യാ
മുതലായ മഹാരാജ്യങ്ങളെ പാലനം ചെയ്തുവന്ന

# കാറൽമാൻ എമ്പ്രദോരുടെ ചരിത്രം.

## 1-ാം അദ്ധ്യായം

അജ്ഞാനിയും സത്യവേദത്തിൽ അവിശ്വാസിയും ആയിരുന്ന
ക്ലോവീസെന്ന ഫ്രാൻസിലെ രാജാവിനു്, ഗുയിഡൊ എന്ന
നൃപൻെറ പൗത്രിയും, ബുർഗ്ഗോഞ്ഞായിലെ അഗബൂത്തു
രാജാവിൻെറ മരുമകളുമായ ക്ലോത്തിൽദിസ്സ് എന്ന
സത്യവേദി ആയിരുന്ന രാജകുമാരിയെ
ഭാര്യയായി ചോദിച്ചതു്.

ബുർഗ്ഗോഞ്ഞ എന്ന രാജ്യത്തു് സത്യവേദം പരന്നതിൽവച്ചു് അവിടെ ഗുയിഡൊ എന്നു പേരായിട്ടു് ഒരു ക്രിസ്തീയരാജാവും ഇദ്ദേഹത്തിനു നാലുപുത്രന്മാരുമുണ്ടായിരുന്നു. അവരിൽ കടിഞ്ഞൂൽ പുത്രനു് അഗബൂത്തു് എന്നു നാമം വിളിച്ചു. അദ്ദേഹത്തിനു് അപ്പൻെറ അനന്തരാവകാശമായി രാജ്യഭാരം കിട്ടിയതിൻെറശേഷം ഫിസഫേരിക്കാ എന്ന തൻെറ സഹോദരനുമായുണ്ടായ ഒരു മത്സരത്തിൽവച്ചു് അയാളെ കൊലചെയ്യിപ്പിക്കുകയും, അനുജത്തിയെ

പുഴയിൽ താഴ്ത്തിക്കളകയും ചെയ്തു. എന്നാൽ അവൾക്കു മക്കളായി രണ്ടു പെൺകുട്ടികൾ ജനിച്ചിട്ടുണ്ടായിരുന്നു. അവരിൽ സൌന്ദൎയ്യമേറിയ ക്ലോത്തിൽഡിസ്സിനെ അഗണ്ബൃന്തരചൻ സംരക്ഷണം ചെയ്കയും, മററവളെ രാജ്യഭ്രഷ്ടയാക്കി ഓടിച്ചുകളകയുംചെയ്തു.

ഇങ്ങനെയിരിക്കയിൽ ഫ്രാൻസിലെ രാജാവായ ക്ലോവീസിന്നു ക്രിസ്ത്യാനിയായ ബുർഗോണ്ടായിലെ അഗണ്ബൃന്തുരാജാവുമായി എന്തോ ആലോചന കഴിപ്പാൻവേണ്ടി ഒരു ദൂതു നിയോഗിച്ചയച്ചു. എന്നാറെ ദൂതുമായിചെന്ന പ്രേഷകന്നു് അഗണ്ബൃന്തുരാജാവു മറുപടികൊടുക്കുന്നതിന്നു കുറേനാൾ ദീർഘിപ്പിച്ചതിനാൽ അതുവരെ അഞ്ചലുമായി ചെന്ന ദൂതൻ ആമനയിൽതന്നെ അധിവസിക്കുന്നതിന്നു സംഗതിവന്നതിൽവച്ചു് ആ രാജധാനിയിലെ ചട്ടവട്ടങ്ങളേയും നടപടികളേയും വേണ്ടുംവണ്ണം അവന്നു് അറിവുണ്ടായതിൽ വിശേഷിച്ചു് അഗണ്ബൃന്തുരാജാവിന്റെ സോദരപുത്രിയായ അഴകേറിയ ക്ലോത്തിൽഡിസ്സിന്റെ അതുലസൌന്ദൎയ്യത്തെ സന്ദർശിക്കുന്നതിന്നും അവന്നു് ഇടവന്നു.

അനന്തരം അഞ്ചലയ്ക്കു മറുപടി കിട്ടിയതിന്റെശേഷം ആ ദൂതൻ ഫ്രാൻസിലേയ്ക്കു മടങ്ങിച്ചെന്നു് ആയതു ക്ലോവീസിന്നു കൊടുത്തു് അവസ്ഥ ബോധിപ്പിച്ചതുകൂടാതെ ബുർഗോണ്ടായിലെ നാട്ടുവിശേഷങ്ങളും മററും ഒട്ടറെപ്പറഞ്ഞതിൽ, ആ രാജകൊട്ടാരത്തിലെ നടപടികളേയും ക്രിസ്ത്യാനികളുടെ അകൃത്രിമമായ ജീവിതങ്ങളേയും അവരാദരിക്കുന്ന ഫ്രാൻസുകാരിൽ കാണാത്ത ഓരോ ആചാരങ്ങളേയുംകുറിച്ചു ബോധിപ്പിച്ചു. അതോടുകൂടി രാജധാനിയിൽ കണ്ടെത്തപ്പെട്ട സുന്ദരസുദർശിനിയായ ക്ലോത്തിൽഡിസ്സ് എന്ന രാജകുമാരിയുടെ കേശാദിപാദാന്തം ഉള്ള സൌന്ദൎയ്യഗുണങ്ങളേയും സത്സ്വഭാവവിശേഷങ്ങളേയും സുകൃതമായപുണ്യവ്യാപാരങ്ങളേയുംമററും കൂടി കുറഞ്ഞൊന്നു വർണ്ണിച്ചിട്ടു് ആ കന്യകാരത്നത്തിന്നു ശരിയൊത്ത ഉത്തമഗുണമുള്ളവൾ സ്ത്രീവർഗ്ഗങ്ങളിൽ ഇക്കാലം ലോകത്തുണ്ടായിട്ടില്ലെന്നു സ്ഥിരമായി ഉണർത്തിക്കയുംചെയ്തു. ഈ വൃത്താന്തങ്ങളെ രാജാവും പ്രസാദിച്ചു് അവളുടെ ഗുണഗണങ്ങളെ എണ്ണി ഹൃദയത്തിൽ പതിച്ചിട്ടു ഭാൎയ്യയായി അവളെ കൈക്കൊള്ളണമെന്നുള്ള വാഞ്ഛയോടും, ആ കാൎയ്യം തനിക്കു സാദ്ധ്യമായിവരുമോ ഇല്ലയോ എന്നുള്ള ചഞ്ചലത്തോടും ഒട്ടുനാൾ ജീവിച്ചാറെയും സുന്ദരസുമുഖിയായ രാജകുമാരിയെക്കുറിച്ചുള്ള വികാരം രാജാവിന്റെ ഹൃദയത്തിൽനിന്നു് ഒരിക്കലും വിട്ടുമാറാതെ സന്തതം എരിഞ്ഞുകൊണ്ടിരുന്നതുനിമിത്തം പിന്നെയും പിന്നെയും സഞ്ചിന്തനം ചെയ്തതായത്തു്, അവൾ ഒരു രാജകുമാരിയും താൻ രാജ്യം

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

ഭരിക്കുന്ന ഒരു നൃപതിയും ആകുന്നവസ്ഥയ്ക്ക് ഇരുവരും തമ്മിൽ പാണിഗ്രഹണം ചെയ്യുന്നതിന്നു പാത്രവാന്മാർതന്നെ എന്നുവന്നാലും താൻ പുറജാതിയും ക്ലോത്തിൽദിസ്സ് ക്രിസ്ത്യാനിയും ആയിരിക്കെ ഇരുവരുംതമ്മിൽ കല്യാണംചെയ്യുന്നതു മുറയില്ലാത്തതും അനാചാരവും ആയിട്ടു തീരുന്നതിന്നു ഹേതുവുമുണ്ടല്ലോ എന്നും, അന്തമില്ലാതെ പേർത്തും പേർത്തും ആലോചനചെയ്തതുകൂടാതെ പലനാൾ വ്യസനാക്രാന്തനായി കിടന്നുപോയി. എന്നാറെ താൻ അനുഭവിക്കുന്ന മനോവ്യാകുലത്തിന്ന് ആരാൽ തെല്ലാശ്വാസം വരുത്തുവാൻ കഴിയുമെന്നു താനേ ചിന്തിച്ചിട്ടു തന്റെ ഒരു പ്രത്യേകഇഷ്ടമന്ത്രിയും കാര്യാലോചനക്കാരനും, നല്ല ബുദ്ധിസാമർത്ഥ്യമുള്ളവനും നയോപായിയുമായ അവെരിലിയാൻ എന്നവനെ സന്നിധാനത്തിങ്കൽ വരുത്തി തന്റെ സിദ്ധാന്തം ഇന്നതെന്നും, അതിന്നു വിഘ്നമുള്ള സംഗതി ഇന്നതെന്നും അറിയിച്ചു. രാജാവിന്റെ ചിന്ത വെളുത്തുകുന്ന ഈ സംഗതികൾ ആലോചനക്കാരൻ കേട്ടപ്പോൾ ഒരു ഏർപ്പാടു തനിക്കു യോഗ്യമായിട്ടുള്ളതല്ലെന്നും, അതിനെ നിഷേധിക്കേണമെന്നും നിശ്ചയിച്ചു എങ്കിലും, "സിദ്ധാന്തം ഉള്ളിൽ ഇരിക്കുന്നവരുടെ ചിത്തത്തിൽ നേർവഴി കാണ്മാൻ വിഷമം" എന്നുള്ള നീതിവാക്യത്തെ നിരൂപിച്ചിട്ടും, തല്ക്കാലശോകശമനത്തിന്നുവേണ്ടീട്ടും രാജാവിന്റെ ഇഷ്ടത്തോടനുസരിച്ചു താനും ചില ധൈര്യവാക്കുകളെ പറഞ്ഞു ആശ്വസിപ്പിച്ചു. അതുകൊണ്ടും ചിന്താരംഗത്തിൽ ചിത്ത സന്തുഷ്ടി ഉളവാകാഞ്ഞതിന്മേൽ രാജാവിനെ സന്തുഷ്ടിപ്പെടുത്തുന്നതിന്നായി അവരിലിയാൻ ഈവണ്ണം തിരുമനസ്സുണർത്തിച്ചു. സർവ്വശാസ്ത്രകലാജ്ഞാനനൈപുണ്യവാനായ പൊന്നുതിരുമേനി! അങ്ങുന്നു വിചാരിച്ചിട്ടുള്ള കാര്യം എത്രയോ വിഷമമായുള്ളതായാലും, ആയതു് അങ്ങെയ്ക്കു സംശയമെന്യേ സാദ്ധ്യമാകുന്നതാണ്. എങ്ങിനെയെന്നാൽ അങ്ങേ കൃപ അടിയന്റെമേൽ ഉണ്ടായിരുന്നാൽ ഏതുവിധത്തിലെങ്കിലും ഞാൻ ആ കാര്യം നിറവേററിവരുന്നുണ്ട്. എന്തുതന്നെയായാലും എന്റെ ജീവനെ ഉപേക്ഷിച്ചെങ്കിലും തിരുമേനിയുടെ യഥേഷ്ടപ്രകാരം സുന്ദരവദനയായ ക്ലോത്തിൽദിസ്സിനെ തിരുമേനിയുടെ മേനിക്കു പാണിഗ്രഹണം ചെയ്യിക്കുന്നതിന്നു ഞാൻ പരിശ്രമിക്കുന്നതുമാണ്. ഈ വാക്കു കേട്ടതിന്റെശേഷം കാർമേഘമദ്ധ്യേ കാന്തികലരുന്ന മിന്നൽപ്രഭയ്ക്കു സമാനം രാജാനനത്തിൽ സന്തോഷം ഉണ്ടായ്‌വരികയുംചെയ്തു. എന്നാറെ രാജാവ് അത്യന്തം സന്തോഷിച്ചു മന്ത്രിയോടു് നീ ഈ കാര്യസാദ്ധ്യത്തിന്ന് ആവശ്യപ്പെട്ടതു് എന്തുതന്നെ ആയാലും മന്ദേതരം ഞാൻ തരിക

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

യും ചെയ്യും. ഈ വാക്കുകേട്ട ഉടനെ മന്ത്രി മന്ദസ്മിതത്തോടുമന്നവ
ന്റെ പാദാംബുജം പ്രണമിച്ചു തിരുവാഴിയും മുത്തി രാജസന്നിധിയി
ൽനിന്നു പിരിഞ്ഞു. അനന്തരം അവെരിലിയാൻ തന്റെ ഭവന
ത്തിൽ വന്നിട്ടു രാജാവിനോടു താൻചെയ്ത വാഗ്ദത്തം നിവൃത്തിക്കു
ന്നതിനുള്ള മാൎഗ്ഗം എന്തുള്ളു എന്നും മട്ടാൎമിഴിയാളെ ദൃഷ്ടിഗോ
ചരംകൊണ്ടെത്തേണ്ടതിന്നും, അതിന്റെശേഷം സംക്ഷേപമായിട്ടു
പോലും ഒന്നു സല്ലപിക്കുന്നതിന്നും കഴിവെന്തെന്നു നിരൂപിച്ചിട്ടു്
യാതൊരുപായവും കാണാത്തതിനാൽ തനിക്കുനേരിട്ടേക്കാമെന്ന
അപായത്തെ ഓൎത്തു് ഏറ്റവും വ്യസനിച്ചുകിടന്നു. അങ്ങിനെ മ
ന്ത്രിഅല്പതാപത്തോടും കൊല്പേറിയ ദീൎഘാലോചനകളോടും ചിലനാ
ൾ കഴിക്കയിൽ ക്ലോത്തിൽഡിസ്സ് എന്ന രാജാത്മജയെ പുറത്തു
വെച്ചു സുദൎശിക്കുന്നതിന്നുതക്ക ഒരു അവസരവും സ്ഥാനവും തന്റെ
ആലോചനയിൽ കണ്ടെത്തി; ഉടനെ ആ വിവരം തിരുമനസ്സറിയി
ക്കേണമെന്നു നിശ്ചയിച്ചു. തിരുമുമ്പിൽ ചെന്നു് ഈവണ്ണം ഉണ
ൎത്തിച്ചു: പ്രാജ്ഞപ്രാബല്യനായഫ്രൻസ്‌രാജശിരോമണെ! പ്രാജ്ഞ
പ്രതാപിനീരാജ്ഞിപ്രശോഭിനിയായ ക്ലോത്തിൽഡിസ്സിനെ ഞാൻ
ചെന്നുകാണുന്നതിന്നുതക്ക ഒരു അവസരം കണ്ടെത്തിയിരിക്കുന്നു.
എപ്പോളെന്നാൽ ഇന്നേയ്ക്കു പതിനഞ്ചാംദിവസം ക്രിസ്താവതാര
ത്തിന്റെ തിരുനാളാകയാൽ ക്രിസ്തീയരാജ്യങ്ങളിൽ ആ ദിവസം
ഏറ്റവും പ്രധാനമായി കൊണ്ടാടുന്നതുകൊണ്ടു ബൎഗ്ഗുണ്ഡാരാജ്യ
ത്തിലെ ശ്രേഷ്ഠദേവാലയത്തിൽ അനുവൎത്തിക്കുന്ന പാതിരാക്കുൎ
ബ്ബാനയ്ക്കു തിരുമേനിയുടെ മണവാട്ടി ആളിമാരുടെ അകമ്പടിസ
ഹിതം എഴുന്നള്ളുന്നതു നടപ്പുള്ളതുതന്നെയല്ലാതെ ആ പള്ളിവാതു
ക്കൽ വന്നുകൂടുന്ന ഭിക്ഷക്കാൎക്കെല്ലാവൎക്കും ആ കൌമാരരാജ്ഞി ധ
ൎമ്മംചെയ്യുന്നതും പതിവാകുന്നതുകൊണ്ടു് ആ വെളിയിൽ ഞാൻകൂ
ടി അൎത്ഥികളുടെ കൂട്ടത്തിൽ ചെന്നിരുന്നാൽ നാം വിചാരിക്കുന്ന കാ
ൎയ്യം എളുപ്പത്തിൽ സാധിച്ചുകൊണ്ടു പോരാമെന്നു് എനിക്കുതോ
ന്നുന്നു. ഈ ഉപായാലോചന രാജാവു കേട്ടതിന്റെശേഷം അത്യന്താ
സന്തോഷിച്ചുകൊണ്ടു് എന്നാൽ അങ്ങിനെതന്നെയെന്നു സമ്മതി
ച്ചു യാത്രയ്ക്കു് അനുവാദംകൊടുത്തു. ഉടനെ അവെരിലിയാൻമന്ത്രി
രാജാവിനോടു് വീണ്ടും ബോധിപ്പിച്ചതായതു്. പൊന്നുതിരുമേനി!
അടിയൻ ആ രാജ്ഞിയുടെ കൈകൊണ്ടു ഭിക്ഷാൎത്ഥം വാങ്ങിക്കഴി
ഞ്ഞാൽ ഞാൻ ആരെന്നു് അവളെയറിയിച്ചു പിൻതിരിയുന്ന കാ
ലത്തു് അങ്ങെ ഒരു അടയാളം അവൾക്കുസമ്മാനിക്കേണ്ടതും ഉചി
തമായിട്ടുള്ളതിനാൽ അങ്ങെതിരുമേനിയുടെ മുഖരൂപമുള്ള ഒരുമുദ്ര

Christian Musicological Society of India
www.TheCMSIndia.org

മോതിരം ഉണ്ടാക്കിക്കൊണ്ടുപോകണമെന്നും ഞാൻ വിചാരിച്ചിട്ടുണ്ടു്. ഇതു കേട്ട ഉടനേ രാജാവു തുലോം വിലയേറിയ ഒരു മഹാരത്നംപതിച്ച അംഗുലീയത്തിൽ തത്സ്വരൂപം കൊത്തിച്ചു മന്ത്രികയ്യിൽ കൊടുത്തു. മനോഹരമായ ഈ മുദ്രമോതിരം വാങ്ങി അവെരിലിയാൻ ബുർഗോഞ്ഞാരാജ്യത്തിലേക്കു യാത്രപുറപ്പെട്ടുകയും ചെയ്തു. അനന്തരം മേല്പറയപ്പെട്ട പെരുനാൾ ദിവസം അർദ്ധരാത്രിയായപ്പോൾ താൻ നിശ്ചയിച്ചുപോന്നപ്രകാരം ബുർഗോഞ്ഞായിലെ പ്രധാന ദേവാലയത്തിന്റെ നടുവാതുക്കൽ ചെന്നു ധർമ്മക്കാരുടെ കൂട്ടത്തിൽ കടന്നിരുന്നു. കുറേനേരം കഴിഞ്ഞപ്പോൾ കീഴ്നടപ്പുപ്രകാരം ക്ലോത്തിൽഡിസ്സ് തന്റെ പരിചാരികകളുമായി പള്ളിയിലേയ്ക്കു എഴുന്നെള്ളിവരികയിൽ അവിടെ കൂടിയിരുന്ന അർത്ഥികൾക്കു മുറപ്രകാരം ധർമ്മം കൊടുത്തുകൊണ്ടു് അവെരിലിയാന്റെ അടുക്കൽ വന്നു. അവനും ധർമ്മം കൊടുക്കുന്നതിനായി കൈനീട്ടിയ ഉടനേ അവൻ രാജ്ഞിയുടെ കൈയ്ക്കു കടന്നുപിടിച്ചിട്ടു തിങ്കൾമുഖിയാളുടെ ചെങ്കരത്തിൽ ഭക്തിപുരസ്സരം ചുംബനം ചെയ്തതിൽ അസാധാരണ പ്രവൃത്തി കണ്ടു് രാജകുമാരി കാരണത്താന്നു ശങ്കിച്ചുകൊണ്ടു് ആ കപടയാചകന്റെ മുഖത്തു നല്ലവണ്ണം സൂക്ഷിച്ചുനോക്കിയപ്പോൾ അവന്റെ മുഖദർശനം കൊണ്ടും അവൻ ആരോ മതിയായ ഒരുവൻതന്നെ എന്നും, അഗതികളിൽ ഒരുവനല്ലെന്നും അവൾക്കു നല്ല നിശ്ചയം വന്നു. എന്നാൽ ഇവന്റെ ഈ പ്രവൃത്തിക്കു് എന്തോ തക്കതായ ഗോപ്യകാരണം ഉണ്ടാകുമെന്നും മനസ്സിൽ ഗ്രഹിച്ചുകൊണ്ടു പള്ളിയിൽ കയറി അന്നത്തെ ദിവ്യകർമ്മങ്ങൾ ഒക്കെയും കഴിഞ്ഞിട്ടു രാജകുമാരി തന്റെ സദനത്തിലേക്കായി പുറപ്പെടുന്ന സമയത്തു് അവൻ ആരാണെന്നു് അറിയണമെന്നു വിചാരിച്ചു തിരിഞ്ഞുനോക്കിയപ്പോൾ അവെരിലിയാൻ മുമ്പേപ്പോലെ വാതുക്കൽ തന്നെ ഇരുന്നുകൊണ്ടു വീണ്ടും രാജ്ഞിക്കു് ആചാരവണക്കം ചെയ്തു. അനന്തരം അവൾ തെല്ലുകലത്തു ചെന്നിട്ടു് തന്റെ ദാസികളിൽ ചിലരോടു തന്റെ കൈയ്ക്കു പിടിച്ച യാചകനെ വിളിച്ചുകൊണ്ടുവരുവാൻ കല്പിച്ചു. ദാസിമാരുടെ വിളിക്കു് അവെരിലിയാൻ നന്നാ ഭക്തിയോടു പിൻചെന്നു. നൃപാത്മജയുടെ തിരുമുമ്പിൽ എത്തിയ ക്ഷണത്തിൽ മുറപ്രകാരം മുട്ടുകുത്തി മുന്നുപ്രാവശ്യം ആചാരം ചെയ്തു മാറിനിന്നു. അപ്പോൾ രാജകുമാരി നീ ധർമ്മക്കാരനാകുവാൻ വിചാരിക്കുന്നതു എന്തുകൊണ്ടെന്നു് എന്നോടു പറക എന്നു കല്പിച്ചു. അവൻ അതിനുത്തരിച്ചതായതു്, മാനിനിമാരിൽ മണിമൗലിയായ മംഗലഗാത്രേ! സാക്ഷാൽ പറഞ്ഞാൽ ഞാൻ ധർമ്മത്തിനായിട്ടു

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വന്നവനല്ല; പിന്നെയോ, മാനിടത്തെങ്ങും മാനനീയനും ഫ്റാൻസ്സുരാജ്യാധിപനുമായ ക്ലോവീസിന്റെ ഒരു ദൂതനാകുന്നു. എന്നാൽ ഈ പെരുന്നാൾകൊണ്ടാട്ടത്തിനുള്ള അങ്ങെ എഴുന്നെള്ളത്തിൽ ഞാനും അങ്ങെ കൈകൊണ്ടു് ഒരു ദാനം വാങ്ങേണ്ടതിന്നു വന്നതിന്റെ താല്പൎയ്യം ഉത്തമയായ അങ്ങെ എന്റെ രാജാവിനു കല്യാണം ചെയ്യണമെന്നു് അദ്ദേഹം ആഗ്രഹിക്കുന്നതിന്റെ ഒരു അടയാളവുമായിട്ടുമാത്രം ഇപ്രകാരം ഞാൻ അങ്ങെ തിരുമുമ്പിൽ അൎത്ഥിയായിത്തീൎന്നതാണു്. അതുകൊണ്ടു് അടിയന്റെമേൽ അങ്ങെ കൃപാകടാക്ഷമുണ്ടായി ഞങ്ങളുടെ ഇച്ഛാഭംഗം വരുത്തരുതെന്നു ഞാൻ പ്രാൎത്ഥിക്കുന്നു. ഫ്റാൻസിലെ രാജാവായ ക്ലോവീസ്സ്, തിരുമേനിയെ പാണിഗ്രഹണം ചെയ്‌വാൻ ഇച്ഛിച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ ഇരുവരുടെ കല്യാണം പറഞ്ഞൊപ്പിന്റെ അടയാളമായിട്ടു രാജാവു തന്റെ സ്വന്തപ്രതിമയെ കാണിക്കുന്ന ഒരു മോതിരം തന്നയച്ചതു് ഇതാ അങ്ങെയ്ക്കു ഞാൻ കാഴ്ചവയ്ക്കുന്നു. ഈ വാക്കുകേട്ടു രാജസ്ത്രീ മോതിരം വാങ്ങിക്കൊണ്ടു് ഉത്തരിച്ചതാവിതു്: ഹോ! നിന്റെ രാജാവു് അജ്ഞാനിയും, സത്യവേദത്തിൽ അവിശ്വാസിയും ആയിരിക്കെ, എനിക്കു അയാളെ വേൾക്കുന്നതിന്നു വഹിയാ; എന്നുതന്നെയുമല്ല, ഈദൃശമുള്ളതു് എന്റെ വലിയപ്പന്റെ മുഖ്യചുമതലയാകയാൽ അദ്ദേഹത്തോടു നേരിട്ടു സമ്മതം ചോദിക്കേണ്ടതാണു വേണ്ടതു്. എങ്കിലും നീ എന്നെ ഈവിധംകണ്ടു് നിന്റെ രാജാഗ്രഹം അറിയിച്ചതുകൊണ്ടു് ഈ സംബന്ധത്തിന്നു സൎവ്വേശ്വരൻ അവിഘ്നം വരുത്തിയാൽ ശുഭമായിത്തന്നെ നിറവേറുമെന്നു നീ വിശ്വസിച്ചുകൊൾക." ക്ലോത്തിൽഡിസ്സിന്റെ സമ്മതവും വിസമ്മതവും ഇടകലൎന്ന ഈ വാക്കുകേട്ടു ഉടനെ അനുജ്ഞയും വാങ്ങി സന്തോഷചിത്തത്തോടെ അവെരിലിയാൻ ബോധിപ്പിച്ചവമുഴുവനും വിശ്വസിക്കാതെ പെണ്ണിന്റെ രക്ഷകൎത്താവിനോടു നേരിട്ടു സമ്മതം ചോദിക്കേണ്ടതാണു് പ്രത്യേകിച്ചു വേണ്ടതെന്നും അവൾ പറഞ്ഞയച്ചതിനെമാത്രം വിശ്വസിച്ചു് അപ്രകാരംതന്നെ മംഗലഗാത്രിയെ ഭാൎയ്യയായി സ്വീകരിക്കുന്നതിന്നു രാജാവു് അപേക്ഷിക്കുന്നതായിട്ടും അതിന്നു വല്ലതും ഭംഗമുണ്ടെങ്കിൽ അറിവിപ്പാനായിട്ടും അഗബൂന്തുരാജാവിന്റെ അടുക്കലേയ്ക്കു വേറെ ഒരു അഞ്ചൽ അയച്ചു. ഉടനെ ആ ദൂതൻ അഞ്ചലുമായി രാജകോവിലിൽ നിന്നു് അതിശീഘ്രമായി നടകൊണ്ടു. അഗബൂന്തുരാജാവിന്റെ അരമനയിൽ എത്തി സാധനം കൊടുക്കയിൽ താൻ അതു വായിച്ചു

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സംഗതികൾ അറിഞ്ഞ ഉടനേ ഈ കല്യാണത്തിന്ന വിരോധമായി സംസാരിച്ചു എങ്കിലും മറുപടി ഉടൻ കൊടുക്കാതെ കാൎയ്യം മന്ത്രിമാരോടാലോചിച്ചു. എന്നാറെ അവർ എല്ലാവരും മംഗല്യത്തിന്ന് അനുകൂലമായും രാജാവു പ്രതികൂലമായും അന്യോന്യം തൎക്കിക്കുകയാൽ തീൎച്ചപ്പെടാതെ ഇരിക്കയിൽ ഒരുനാൾ അഗമ്പൂന്തുരാജാവിന്റെ ഭണ്ഡാരത്തിൽ യദൃച്ഛയാ താൻ സൂക്ഷിച്ചപ്പോൾ ക്ലോവീസിന്റെ മുഖഛായ കൊത്തിയ ഒരു തിരുവാഴി ഇരുന്നതു കണ്ടു സംഗതി അന്വേഷിച്ചറിഞ്ഞ ഉടനെ മരുമകളോടു സമ്മതം ചോദിച്ചു. എന്നതിന്റെശേഷം, കത്തോലിക്കാ വിശ്വാസം ഉപേക്ഷിച്ചുകൂടാ എന്ന കരാറു ലംഘിപ്പാനായി ക്ലോത്തിൽദിസ്സിനെ നിൎബ്ബന്ധിക്കാതിരിക്കാമെങ്കിൽ നീ ആഗ്രഹിക്കുന്നപ്രകാരം എന്റെ മരുമകളെ വിവാഹം ചെയ്യുന്നതിന്ന ഞാൻ സമ്മതിച്ചിരിക്കുന്നു എന്നു മറുപടി അയക്കയും ചെയ്തു.

---

## ൨-ാം അദ്ധ്യായം.

### ക്ലോവീസിന്റെ കല്യാണവും, തന്റെ കപടവിഗ്രഹങ്ങളെ ഉപേക്ഷിച്ചു ക്രിസ്തുവേദം വിശ്വസിക്കുന്നതിന്ന ക്ലോത്തിൽദിസ്സിന്റെ അപേക്ഷയും.

അഗമ്പൂന്തുരാജാവിന്റെ അനുകൂലമായ മറുപടി ക്ലോവീസ്സ കൈപ്പററിയ ഉടനെ ഏററം കോലാഹലമായി കല്യാണ അടിയന്തിരം നിവൎത്തിക്കയും ചെയ്തു. വിവാഹം കഴിഞ്ഞദിവസം ദമ്പതികൾ രണ്ടുപേരും ഒന്നിച്ചു മണിയറയിൽ പ്രവേശിച്ച ഉടനെ ക്ലോത്തിൽദിസ്സ് ഭൎത്താവിനോടു ഈവണ്ണം ബോധിപ്പിച്ചു: എന്റെ കരുണാകരനും പ്രിയതമനുമായ പ്രാണവല്ലഭ! അങ്ങുന്ന് എന്റെ ശരീരത്തെ അന്യോന്യം സ്പൎശിക്കുന്നതിന്നുമുമ്പെ എനിക്കു ബോധിപ്പിപ്പാനുള്ള ഒരു അപേക്ഷയെ കേൾക്കണമെ! അതുകേട്ടു ക്ലോവീസ് ഉത്തരിച്ചതായതു: എന്റെ ദേഹത്തിലൎദ്ധമായ പ്രിയപ്രണയിനിയും എന്റെ ആയുഷ്കാലത്തുണയുമായ നീ എന്തെങ്കിലും എന്നോടു അപേക്ഷിച്ചാൽ നിശ്ചയമായി ഞാൻ കേൾക്കേണ്ടതും നിന്റെ ഇച്ഛകൾ സൎവ്വതും സാധിക്കേണ്ടതും ആവശ്യമാകുന്നു. ആയതുകൊണ്ടു കാൎയ്യം എന്തെന്നാലായതു കളങ്കമെന്ന്യേ പറകവേണ്ടു. ഈ വാക്കുകേട്ടു ക്ലോത്തിൽദിസ്സ് ഭൎത്താവിനോടു പറഞ്ഞതെന്തെന്നാൽ, ഞാൻ അങ്ങേ ദേഹത്തിലൎദ്ധമാണെന്നുള്ള പ്രമാണം അങ്ങുന്നും അനുസരിച്ചിരിക്കെ നാം രണ്ടാളും ഒരു ശരീരമായിരിക്കുമ്പോൾ നമ്മുടെ സാക്ഷാലുള്ള ഐക്യ

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തയും അന്യോന്യവും ഏകീഭവിച്ചാലല്ലാതെ വേർപെട്ടിരിപ്പാൻ
പാടില്ലല്ലോ? അങ്ങുന്നു പുറജാതിയും ഞാൻ ക്രിസ്ത്യാനിയും ആയിരി
ക്കുന്ന ഒരു കാരണത്താൽ നമ്മുടെ മനോയോജിപ്പ് ഒരു ഭാഗംകൊ
ണ്ടു് വേർപെട്ടിരിക്കുന്നതു ന്യായരഹിതമാകയാൽ നാം പൂർണ്ണ ഐ
ക്യതയുള്ളവരായി വാഴുന്നതിന്നു് അങ്ങും ക്രിസ്ത്യാനിയാകുന്നതു കൂടാ
തെ അങ്ങേ ബീജത്തിൽനിന്നു് എന്നിൽ ജനിക്കുന്ന സന്തതികളേ
യും ക്രിസ്ത്യാനികളാക്കണം. അതു കൂടാതെ എന്റെ വലിയപ്പനായ
അഗണ്യൂണ്ടുരാജാവിനോടു് എനിക്കു വരുവാനുള്ള അവകാശ ഉപ
കരി അങ്ങുന്നു് ഉടനേ വാങ്ങിച്ചുതരണം. അത്രയുമല്ല, അയാൾ അ
കാരണമായി എന്റെ മാതാപിതാക്കളെ അപായപ്പെടുത്തിയതിനു
അങ്ങുന്നു പകരം ചോദിക്കണം. എന്നിത്രയും രാജാവു ശ്രദ്ധിച്ചതി
ന്റെ ശേഷം, നിന്റെ അപേക്ഷകൾ മിക്കവാറും ന്യായാനുസരണ
മായിട്ടുള്ളതിനാൽ അവറെറ തീരുമാനം നിഷേധിക്കുന്നതിന്നു് എ
നിക്കു സാമർത്ഥ്യമില്ലെങ്കിലും, ഞാൻ വേദം അനുസരിക്കുന്നതൊഴി
കെയുള്ള നിന്റെ അപേക്ഷകൾ ഒക്കെയും ഞാൻ നിന്റെ യഥേ
ഷ്ടം സമ്മതിച്ചുകൊള്ളുന്നു എന്നു പറഞ്ഞാറെ, രാജസ്ത്രീ പറഞ്ഞ
മറുപടിയായതു്: ഹേ! സാക്ഷാൽ പ്രധാനമായി അങ്ങെ ആത്മ
രക്ഷയ്ക്കാവശ്യമായ കാര്യത്തിന്നു് അങ്ങേയ്ക്കു മനസ്സില്ലാഞ്ഞാൽ അ
ങ്ങുന്നു് എന്നെന്നേയ്ക്കും നശിച്ചുപോകുന്നതിനെക്കുറിച്ചു് എനിക്കു്
വ്യസനമില്ലയോ? ക്രിസ്തു എന്നു പറഞ്ഞാൽ ആകാശം, ഭൂമി, പാ
താളവും അതിലുൾപ്പെട്ട സർവ്വ ചരാചരങ്ങളേയും സൃഷ്ടിച്ചു രക്ഷിച്ചു
വരുന്ന സർവ്വവല്ലഭനും നിരാമയനും സച്ചിദാനന്ദനും, ആയ ത്രി
തൈകദൈവത്തിന്റെ രണ്ടാമാളും നമ്മൾ പിഴപെട്ടുപോയതു
കൊണ്ടു് ഉത്തരിപ്പാൻ ഇഹലോകത്തിൽ മനുഷ്യാവതാരം ചെയ്തു്
കുരിശുമരണത്താൽ ഭൂലോകദോഷോത്തരംചെയ്ത രക്ഷിതാവും ആകു
ന്നു. ആകയാൽ ആ രക്ഷിതാവിനെ വിശ്വസിച്ചിട്ടു് ആയാളാൽ
സ്ഥാപിക്കപ്പെട്ട കത്തോലിക്ക തിരുസഭയിൽ ചേരാത്ത യാതൊരു
ത്തൎക്കും രക്ഷയില്ല എന്നും അങ്ങുന്നു് ഉറപ്പായി വിശ്വസിക്കണം.
അജ്ഞാനമതത്തിന്റെ കപടവിഗ്രഹങ്ങളെവെച്ചു് ദൈവത്തിന്നു
ചെയ്‌വാനുള്ള ആരാധന കഴിക്കുന്നതു് ഏററവും മൌഢ്യമായി
ട്ടുള്ളതു മാത്രമല്ലാതെ സർവ്വേശ്വരന്നു് ഏററവും വെറുപ്പുള്ളതുമാ
യിരിക്കുന്നു. എന്നിങ്ങനെയുള്ള സൽഗുണദോഷങ്ങളെ ഒക്കെ
യും രാജാവു ശ്രദ്ധിച്ചു കേട്ടു എങ്കിലും സത്യവേദം അനുസരി
ക്കുന്നതിന്മേൽ മനസ്സു തിരിയാതെ ഇരുന്നുകൊണ്ടു് ഞാൻ
വേദത്തിൽ വഴങ്ങുന്നതിന്നു കഴിയുന്നതല്ലാത്തതാകയാൽ അതിന്നു്

Christian Musicological Society of India
www.TheCMSIndia.org

പ്രകാരം വേറെ എന്തെങ്കിലും നീ അപേക്ഷിച്ചാൽ ഞാൻ അനുസരിക്കാമെന്നു രാജസ്ത്രീയോടു് അരുളിച്ചെയ്തു. അതിനു്, അതെന്നിയെ വേറെ യാതൊരപേക്ഷയും എനിക്കില്ലെന്നു പ്രത്യുത്തരമായി പറഞ്ഞതുകേട്ടു രാജാവടങ്ങിക്കളഞ്ഞു. എന്നതിന്റെ ശേഷം പിറേറന്നു കാലത്തു ഭാര്യയുടെ സ്ത്രീധനവും, അവകാശവും ന്യായമായി തരണമെന്നായി അഗണ്ബൂന്തു രാജാവിന്റെ അടുക്കൽ ഒരു ദൂതനെ അയയ്ക്കയും ചെയ്തു. ദൂതൻ കൊണ്ടുചെന്ന അഞ്ചൽ അഗണ്ബൂന്തു വായിച്ചുകണ്ടു. എന്നാൽ, അതിൽ ആവശ്യപ്പെട്ടപ്രകാരം ഉള്ള വസ്തുക്കൾ കൊടുക്കുന്നതല്ലെന്നു രാജാവു് ആദ്യം നിർബന്ധിച്ചു എങ്കിലും പിന്നീടു് ആ സംഗതിയിന്മേൽ വേണ്ട ദീർഘാലോചന കഴിച്ചാറെ ന്യായമായി കൊടുപ്പാനുള്ളതു കൊടുക്കാതിരുന്നാൽ അതുനിമിത്തം പിന്നാലെ അസംബന്ധമായ അനൎത്ഥങ്ങൾക്കു സംഗതിവന്നേക്കുമോ എന്നു ഭയന്നു് ആലോചനക്കാരുടെ അഭിപ്രായപ്രകാരം രാജാവു തന്റെ മരുമകൾക്കു സ്ത്രീധനമായിട്ടും, അവകാശമായിട്ടും വളരെ ദ്രവ്യങ്ങൾ കൊടുത്തയച്ചു.

ആയതും കൈപററി കുറേനാൾ കഴിഞ്ഞതിന്റെശേഷം രാജസ്ത്രീ പൂൎണ്ണഗൎഭിണിയായി ഒരു ആൺകുട്ടിയെ പ്രസവിച്ചു. ആ ശിശുവിനു മാതാവിന്റെ അഭീഷ്ടപ്രകാരം ജ്ഞാനസ്നാനം കൊടുത്തു. പിന്നെ മൂന്നുദിവസം കഴിഞ്ഞപ്പോൾ ആ പൈതൽ മരിച്ചുപോയി. കുട്ടി മരിപ്പാനുള്ള മുഖ്യകാരണം മാമ്മോദീസ മുക്കിയതുകൊണ്ടുതന്നെയെന്നു രാജാവു രാജ്ഞിയോടു പറഞ്ഞു; പലപ്പോഴും ആ ക്രൂദാശയെക്കുറിച്ചു പരിഹസിച്ചും വന്നു. എങ്കിലും തള്ളയ്ക്കു തന്റെ കടിഞ്ഞൂൽഫലം ദൈവത്തിനു കാഴ്ചകൊടുപ്പാൻ യോഗം വന്നതിന്മേൽ സങ്കടപ്പെടാതെ സന്തോഷിച്ചതേയുള്ളു.

പിറേറക്കാലം പിന്നെയും രാജസ്ത്രീ ഒരു ആൺകുട്ടിയെ പ്രസവിച്ചു. അവനേയും തള്ളയുടെ മനസ്സുപോലെ മാമ്മോദീസാ കഴിച്ചു. എന്നാറെ ആ കുട്ടിക്കും ചിലനാൾ വല്ലാത്ത രോഗങ്ങൾ വന്നുപിടിപെട്ടതു നിമിത്തം രാജാവു സത്യവേദത്തെ പിന്നെയും പിന്നെയും പരിഹസിപ്പാൻ തുടങ്ങി. ക്ലോത്തിൽദിസ്സ് ഇതിന്മേൽ ദൈവത്തോടു് തക്കവണ്ണം പ്രാൎത്ഥിച്ചു. ഉടനേ അവളുടെ അപേക്ഷയിന്മേൽ ദൈവം അനുഗ്രഹിച്ചു കുട്ടിക്കുണ്ടായ രോഗം മാറി പെട്ടെന്നു് ആശ്ചര്യകരമായ സുഖംകൊടുക്കയും ചെയ്തു.

Christian Musicological Society of India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 3-ാം അദ്ധ്യായം

ക്ലോവീസ്സ് ക്രിസ്ത്യാനികളോട്ട് ഒരു കഠിനയുദ്ധത്തിന്ന നേൎത്തതും അതിൽവെച്ച് അവരോട്ട താൻ തോററോടുന്നതിന്ന സംഗതിവന്നതും, സത്യദൈവത്തെ വിശ്വസിച്ച് ക്രിസ്ത്യാനി ആയതും.

അങ്ങിനെയിരിക്കയിൽ യദൃച്ഛയാ ക്ലോവീസിന്റെ രാജ്യത്തിന്ന സമീപമുള്ള ക്രിസ്ത്യാനികളുമായി അയാൾക്ക് ഒരു യുദ്ധത്തിന്ന സംഗതിവന്നു. ഈ യുദ്ധത്തിൽ ക്ലോവീസിന്റെഭാഗത്തു ലക്ഷത്തിമുപ്പതിന്നായിരം ഭടന്മാരും, എതിർഭാഗത്ത് എഴുപതിന്നായിരം പടയാളികളും ഉണ്ടായിരുന്നു. അതു നോക്കുമ്പോൾ ക്ലോവീസിന്ന ക്രിസ്ത്യാനികളെക്കാൾ ഇരട്ടിയായി സൈന്യങ്ങൾ ഉണ്ടായിരുന്നതിനെക്കുറിച്ചു ശത്രുക്കളെ എളുപ്പത്തിൽ തോല്പിച്ചുകളയാമെന്നുള്ള ധൈൎയ്യത്തോടും അഹങ്കാരത്തോടും യുദ്ധത്തിന്ന നേൎത്തു കഠിനകടനംചെയ്തു. എന്നാൽ ക്രിസ്ത്യാനികൾ എണ്ണത്തിൽ ചുരുക്കമെങ്കിലും അവരുടെ ശക്തി സകലവും സർവ്വശക്തനായ ദൈവത്തിൽ ഭരമേല്പിച്ചുകൊണ്ട് ഒന്നിനും ഭയപ്പെടാതെ തങ്ങളുടെ മാററാനോട്ട് അതിധീരതയോട്ട് എതിൎത്തു പൊരുതി; എന്നാൽ സൈന്യത്തിന്റെ പെരുപ്പത്തേയും തങ്ങളുടെ പരാക്രമസാമൎത്ഥ്യത്തേയുംമാത്രം വിശ്വസിച്ചതായ ക്ലോവീസിന്റെ ശേഖരക്കാർ ക്രിസ്ത്യാനികളോട്ട തോററു വളരെ കഷ്ടനഷ്ടങ്ങളോടെ നാലുവഴിക്കും ചിതറിപ്പോയി. അനന്തരം ക്ലോവീസ് ശത്രുക്കളെ ഭയന്ന് ഒരു മലയുടുമ്പിലേക്ക് ഓടി അഭയം പ്രാപിക്കേണ്ടിവന്നു. ഇപ്രകാരം അപജയം പ്രാപിച്ച ക്ലോവീസിന്ന വിജയം ഉണ്ടാകുന്നതിന്നുള്ള മാൎഗ്ഗം എന്തെന്ന് ആലോചിച്ചതിൽ ക്ലോത്തിൽഡിസ്സ് എന്ന രാജ്ഞിയുടെ ഗുണദോഷത്താൽ സത്യവേദം കൈക്കൊണ്ടിട്ടുണ്ടായിരുന്ന ഏതാനും മന്ത്രിപ്രധാനികൾ രാജാവിന്റെ അടുക്കൽ ചെന്നു തങ്ങൾക്ക സംഭവിച്ച പരാഭവത്തിന്റെ ഹേതു ദൈവാനുകൂലം ഇല്ലാത്തതുതന്നെയെന്നു ദൃഷ്ടാന്തമായി ബോധപ്പെടുത്തികൊണ്ട്, ക്ലോത്തിൽഡിസ്സിന്റെ ദൈവത്തെ രാജാവു വിശ്വസിക്കുന്നതായാൽ നമുക്ക ക്രിസ്ത്യാനികളുടെമേൽ സംശയമെന്യേ പൂൎണ്ണജയം പ്രാപിക്കാൻ സംഗതിയാകുമെന്നു തിരുമനസ്സുണൎത്തിച്ചു. അതുകേട്ടു കാൎയ്യം പരമാൎത്ഥമായിരിക്കുമെന്നു രാജാവു വിശ്വസിച്ചു. അതുവരെ താൻ വന്ദിച്ചുവന്ന കപടവിഗ്രഹങ്ങളെ കൈയും വെടിഞ്ഞു താൻ ചെയ്തുപോയ അബദ്ധാരാധനയ്ക്കു മാപ്പപേക്ഷിച്ചനുതപിച്ചു പരിശുദ്ധക്രിസ്തുവിൽ പൂൎണ്ണമനസ്സോടു വിശ്വസിച്ചു

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കൊണ്ടു ശത്രുക്കളെ ജയിക്കുന്നതിനു് എന്നെ സഹായിക്കണമെന്നു് അത്യന്തം സാദ്ധ്യപ്പെട്ടപേക്ഷിച്ചു. ആ അപേക്ഷയെ സൎവ്വേശ്വരൻ കൈക്കൊണ്ടു പിന്നീടുചെയ്തു യുദ്ധത്തിൽ അത്യുന്നതൻ ക്ലോവീസിനു ജയം നൽകുകയും ചെയ്തു.

---

## 4-ാം അദ്ധ്യായം

റെമ്മീശ്ശു എന്ന മെത്രാനാൽ ക്ലോവീസുരാജാവു ജ്ഞാനസ്നാനം കൈക്കൊണ്ടതും, അതിശയമായി ആകാശത്തിൽനിന്നു് ഒരു ചെപ്പിനകത്തു തൈലം വന്നതും, ഈ തൈലത്താൽ ഇതുവരെയുള്ള രാജാക്കളെ അഭിഷേകംചെയ്തുവരുന്ന വിവരവും.

ക്ലോവീസുരാജാവു സത്യവേദം അനുസരിച്ച വിവരം തന്റെ ഭാൎയ്യയായ ക്ലോത്തിൽദിസ്സ് കേൾക്കയാൽ അത്യന്തസന്തോഷത്തോടും നന്ദിനിറഞ്ഞ മനസ്സോടും സൎവ്വേശ്വരനു ഭണ്ഡനമസ്കാരം ചെയ്തതിന്റെശേഷം ഭൎത്താവിനെ സത്യവേദോപദേശങ്ങളെ പഠിപ്പിക്കുന്നതിനു തനിക്കു ജ്ഞാനസ്നാനം മുതലായ ദേവദ്രവ്യാനുമാനങ്ങളെ കൊടുക്കുന്നതിനും യോഗ്യനായിട്ടു് അക്കാലത്തിൽ ബഹു ദൈവഭക്തനും ഏററവും സുകൃതവാനും രാജസ്ത്രീയുമായി നല്ല പരിചയമുള്ളയാളുമായിരുന്ന റെമ്മീശ്ശു എന്ന വന്ദ്യവയോധികനായ മെത്രാനെ നിയോഗിച്ചു. അദ്ദേഹം രാജാവിനു വേദാദ്ധ്യയനം ചെയ്യിച്ചു വേണ്ടുന്ന ആസ്ഥപ്പാടോടു മാമ്മോദീസാ കൊടുക്കുന്നതിനു പോയ സമയത്തു ശുദ്ധീകരണതൈലമായ തൈലംനിറഞ്ഞ ഒരു ചെപ്പു് അത്യത്ഭുതമായി സ്വൎഗ്ഗത്തിൽനിന്നു് ഒരു മാടപ്രാവു കൊണ്ടുവന്നു് എവരും കാണ്മാൻതക്കവിധത്തിൽ റെമ്മീശ്ശുമെത്രാന്റെ കയ്യിൽ വച്ചുകൊടുത്തു. അനന്തരം അളവററ ആഘോഷാഡംബരത്തോടെ രാജാവിനെ ആ വിശേഷതൈലംകൊണ്ടു തിരുസ്നാനാഭിഷേകങ്ങൾ ചെയ്തിട്ടു റെംസ് എന്ന ദേവാലയത്തിൽ ആ ശുദ്ധതൈലം ബഹുപൂജ്യമായി സ്ഥാപിക്കുകയും ചെയ്തു. അതിൽപിന്നെ രാജഗോത്രത്തിൽ ജനിച്ചവരത്രപേരുടെയും ജ്ഞാനസ്നാനങ്ങളിലും മററും ആ തൈലത്തു് ഉപയോഗിക്കയും ഇന്നുവരെ ആയതു് ആ പള്ളിയിൽതന്നെവച്ചു സൂക്ഷിച്ചുവരികയും ചെയ്യുന്നു. രാജാവു മാമ്മോദീസാ കൈക്കൊണ്ടു സത്യവിശ്വാസത്തിൽ സ്ഥിരമുള്ളവനായതിന്റെശേഷം അനേകദേവാലയങ്ങൾ പണിയിക്കുകയും സത്യവേദം പരത്തുകയും പുണ്യജീവിതത്തിൽ തന്റെ കാലം കഴിച്ചുകൂട്ടുകയും ചെയ്തു.

---

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 5-ാം അദ്ധ്യായം

### പീപ്പിൻ എന്ന രാജാവിന്റെയും തന്റെ കുമാരൻ കാറൽമാന്റെയും ഉൽപത്തി.

ഫ്രാൻസു രാജ്യത്തിലെ ക്രിസ്ത്യാനി രാജാക്കന്മാരിൽ മുമ്പൻ ക്ലോവീസുതന്നെ ആയിരുന്നു. ഇദ്ദേഹത്തിന്റെ വംശത്തിലെ രാജവാഴ്ച ഹിൽദെരിക്ക എന്ന രാജാവിന്റെ കാലംവരെ മാത്രമേ നിലനിന്നിട്ടുള്ളു. അദ്ദേഹം മഹാപുണ്യവാനും ദൈവികകാൎയ്യങ്ങളിൽ അതിശുഷ്കാന്തിയുള്ളവനും ആയിരുന്നതിനാൽ ലൌകികസന്തോഷങ്ങൾ സമസ്തവും, തന്റെ രാജാവിങ്കലും, രാജ്യഭാരവും ഉപേക്ഷിച്ച് ഒരു സന്ന്യാസിമഠത്തിൽ തപസ്സുചെയ്തു ജീവിതം കഴിച്ചു.

മേല്പടിയാന്റെ അനന്തരവരുടെ ചരിത്രത്തെ വിട്ടിട്ടു ഫ്രാൻസിൽ ഇരുപത്തിരണ്ടാമത്തെ പീപ്പിൻ എന്ന നാമധേയത്തിൽ വാണ രാജാവും, കാറൽമാൻ എമ്പ്രദോരുടെ പിതാവും സൎവ്വശാസ്ത്രകലാജ്ഞാനസമ്പന്നനും പ്രജാപരിപാലകനും, മന്ത്രാലോചനയുള്ള മതിമാനും, വിവേകിയും, ബഹുബുദ്ധിസാമൎത്ഥ്യവാനും ആയിരുന്ന മഹാനെക്കുറിച്ചു കുറഞ്ഞൊന്നു പ്രസ്താവിക്കാം.

എങ്ങിനെയെന്നാൽ മേല്പറയപ്പെട്ട ദൈവഭക്തനായ ഹിൽദെരിക്ക എന്ന രാജാവിന്റെ രാജ്യഭരണത്തിൽ ജനങ്ങളുടെ പൊതുഗുണത്തിന്നും ക്ഷേമത്തിന്നും ആവശ്യമായ കാൎയ്യങ്ങളിൽ താല്പൎയ്യപ്പെടാതെ താൻ തന്റെ സ്വന്തഗുണത്തിന്മേൽ മാത്രം കാംക്ഷിച്ചു തപസ്സുചെയ്തുവന്നതിനാൽ ജനങ്ങൾ അദ്ദേഹത്തെ വെറുത്ത് രാജാധികാരം എടുത്തു മറെറാരുവന്നു കൊടുത്തിട്ടു പ്രജാപരിപാലനം ചെയ്യിക്കേണമെന്നു നിശ്ചയിച്ചു. അതിന്ന് ഏതുപ്രകാരം വേണമെന്നു തീരുമാനിപ്പാൻ ജനസംഘം കൂടി ഒരു ആലോചന കഴിച്ചു. ആ ആലോചനാസഭയിൽവെച്ചു രാജ്യഭാരണത്തിന്നു വേറെ രാജാവിനെ തിരഞ്ഞെടുക്കേണ്ടിവന്നിരുന്ന ന്യായങ്ങളെ കാണിച്ചുകൊണ്ടു കത്തോലിക്കാത്തിരുസഭയുടെ തലവനും പ്രഭുവുമായി റോമായിൽ അക്കാലം വാണിരുന്ന മാൎപ്പാപ്പായ്ക്കു ഒരു ആവലാതി അയച്ചതിൽ ജനങ്ങളുടെ ക്ഷേമത്തിന്നും, സമാധാനനടപ്പിന്നും വേണ്ട കാൎയ്യങ്ങളെ വിചാരിക്കാത്ത ഒരു രാജാവു രാജ്യഭരണത്തിന്നു യോഗ്യമുള്ളവനാകുമോ? എന്നും, രാജാവു തന്റെ പ്രജകളുടെ കാൎയ്യം സകലത്തും ഉപേക്ഷിച്ചു തന്റെ സ്വന്തരക്ഷയ്ക്കായി തപസ്സുചെയ്യുന്നവൻ രാജ്യഭരണത്തിന്ന് അൎഹനായി ഭവിക്കുമോ എന്നും രണ്ടു ചോദ്യങ്ങൾ എഴുതിയയച്ചിരുന്നു. മാൎപ്പാപ്പാ ജനങ്ങ

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ളടെ ഈ ആവലാതി കണ്ടാരെ ന്യായമായി പ്രജകളുടെ സുഖാഭിവൃദ്ധിക്ക വിഘ്നംകൂടാതെ സമാധാനത്തോട്ട രാജ്യഭാരം നടത്തുന്നവൻ മാത്രമേ രാജരീകത്തിന്ന പാത്രവാനാകയുള്ളു എന്ന മറുപടി അയച്ചു. ജനങ്ങൾ എവരും ആ തിരുത്തരവിനെ അനുസരിച്ചും പ്രയത്നിക്കാത്ത രാജാവിൻെറ പ്രജകൾ മടിയന്മാരാകുമെന്നും ഗുണവാന്മാരായ രാജാക്കളെ കിട്ടുന്നതു രാജ്യത്തിൻെറ ഭാഗ്യം എന്നുമുള്ള സലമോൻെറ വചനങ്ങളോട്ട യോജിച്ചും മേലെഴുതിയ പിപ്പിൻ എന്നയാളിനെ തിരഞ്ഞെടുത്തു രാജാവായി വാഴിപ്പാൻ നിയമിച്ചുകൊണ്ടും അദ്ദേഹത്തെ പട്ടാഭിഷേകംചെയ്‌വാൻ അനുവദിക്കേണമെന്നും മാപ്പാപ്പായോടപേക്ഷിച്ചു. അതിനെ താൻ കൈക്കൊണ്ടു പിപ്പിൻ എന്ന ശ്രേഷ്ഠനെ ഇരുപത്തിരണ്ടാമത്തെ പിപ്പിൻ എന്ന നാമധേയത്തിൽ ഫ്റാൻസിലെ രാജാവായിട്ട പട്ടാഭിഷേകം ചെയ്‌വാൻ എസ്തെവാം എന്ന പുണ്യദേഹത്തിന്ന കല്പന അയയ്ക്കയും അദ്ദേഹം കല്പനപ്രകാരം മേല്പടിയാനെ സൈത്തുപൂശി പട്ടാഭിഷേകംചെയ്തു കിരീടംചൂട്ടി രാജാവായി വാഴിക്കയുംചെയ്തു. അക്കാലംമുതല്ക്കു ആ രാജിതത്തിൽ രാജരീകത്തിന്ന പുരുഷന്മാർക്കല്ലാതെ സ്ത്രീകൾക്കു അവകാശമില്ലെന്ന ക്ലിപ്തപ്പെടുത്തുകയുംചെയ്തു.

പിപ്പിൻ എന്ന രാജാവു് അക്കീംസെനർരാജാവിൻെറ മകൾ ബേടത്ത എന്ന മഹാസുന്ദരാംഗിയെ വിവാഹംചെയ്തു. അവരുടെ വംശപാരമ്പര്യം ഗ്രീക്കരോടും, ജർമ്മാന്യരോടും, റോമാക്കാരോടും സംബന്ധിച്ചിരുന്നു. പിപ്പിൻ രാജാവു പതിനെട്ട സംവത്സരത്തോളം രാജ്യഭാരം നടത്തി മരിച്ചു. അയാളുടെ ദേഹം പാരിസിലുള്ള സംഡിനിസിൻെറ പള്ളിയിൽ അടക്കംചെയ്തു. അതിൻെറശേഷം അപ്പൻെറ അനന്തരസ്ഥാനത്തിൽ മകനായ കാറൾമാനെ എമ്പ്രദോരാക്കി രാജ്യഭാരം കയ്യാളിപ്പാൻ പ്രജാഗണങ്ങൾ നിശ്ചയിക്കയുംചെയ്തു.

---

## 6-ാം അദ്ധ്യായം

കാറൾമാനെ ഫ്റാൻസിയുടെ ചക്രവത്തിയായി പട്ടാഭിഷേകം ചെയ്തതും ശുദ്ധഅദ്രിയാൻ പാപ്പായും കാറൾമാൻഎമ്പ്രദോരും തമ്മിൽ ചെയ്ത ചില ഉടമ്പടിപ്രകാരം അയാളെ റോമായുടേയും എമ്പ്രദോരായിട്ട പേർവിളിച്ചതും.

പിപ്പൻ എന്ന ഭാഗ്യശാലിയായ രാജാവിൻെറ കാലംകഴിഞ്ഞതിൻെറ ശേഷം കിരീടാവകാശത്തിന്നു് അർഹനായിട്ടുണ്ടായി

Christian Musicological Society of India
www.TheCMSIndia.org

രുന്ന കാറൾമാൻെറ ഒരു അഗ്രജൻ കാലധൎമ്മം പ്രാപിക്കയാൽ പ്രജകൾക്കു വാത്സല്യനും, മഹാധൎമ്മിഷ്ഠനും, സുകൃതവാനും, രാജാധിപത്യത്തിന്നു പരമയോഗ്യനുമെന്നു പരസ്സമ്മതം വന്നിരുന്ന കാറൾമാനെ ഫ്റാൻസ്‌രാജ്യം മുഴുവനും ചക്രവൎത്തി എന്നുള്ള നാമത്തോടു പട്ടാഭിഷേകംചെയ്‌വാനായി ബഹുപ്രതാപത്തോടും പ്രാബല്യത്തോടും കമനീയമായും മേൽപട്ടാചാൎയ്യന്മാരുടെ ദിവ്യകൎമ്മങ്ങളോടും രാജവാഴ്ചയ്ക്കു അതിമനോഹരമായും ആസ്ഥരാക്കപ്പെട്ട അരമനയകത്തു ഇതരരാജാക്കൾ, പ്രഭുക്കൾ, മാടമ്പികൾ, മന്ത്രികൾ, പുരോഹിതന്മാർ, നീതിജ്ഞന്മാർ, കുലീനന്മാർ, കൎത്തകർ മുതലായ മഹത്തുക്കളുടെ പരിവാരത്തോടും ചൊല്ലാവതല്ലാത്ത ശോഭയുള്ള വിതാനവിശേഷങ്ങളോടും ചൊല്ലിക്കൊണ്ടു കണ്ണാനന്ദമുള്ള കാഹളം, വീണ, കുഴൽ, മേളതാളകളാവങ്ങളുടെ സംഗീതാഘോഷങ്ങളോടും പലവിധ മനോഹരലതകളുടെ അതിചാതുൎയ്യത്തോടും മഹാലങ്കാരത്തോടും ചേൎത്തുള്ള കൊത്തുപണികൾ പാൎത്തലത്തെയ്ക്കു കീൎത്തിമത്തുക്കളും പടുതരവിദഗ്ദ്ധരുമായ പല ശില്പികളുടെ സാമൎത്ഥ്യത്തെ പ്രത്യക്ഷീകരിച്ചതും പ്രദൎശിപ്പിച്ചതുമായ ചിത്രവിചിത്രം നിറഞ്ഞ ഭദ്രാസനത്തിന്റെ ഭംഗി ചൊല്ലാവതല്ലാത്തതുതന്നെ എങ്കിലും ആയതു അരുണനുടെ കിരണായാളിസദൃശം ചെങ്കനൽമയമായി എരിയുന്ന മാതൃകയിലും കുമുദമുകുളം ബഹുധവളധവളങ്ങളായി കനകമയകാന്തികളുകാഞ്ചികളോടും അഴകേറിയതായിരുന്നു. ആ സിംഹാസനത്തിന്മേൽ നൃപതികളിലതിഭാഗ്യവാനും, അതുലഗുണനിധിയധിപനും, അനവരതാഭിമാനിയുമായ അവനീപതി കാറൾമാനെ സാദരം ഇരുത്തി യഥാവിധി പളുപളനെ തെളുതെളങ്ങുന്ന തേജസ്സുള്ള കിരീടമണിമകുടമുരി വിരവൊടുചൂടിച്ചും, കണ്ണിന്നു കൗതുകം തോന്നത്തക്ക സ്വൎണ്ണമണിപൂരണചെങ്കനൽമയപ്രഭകലൎന്ന ചെങ്കോൽ പങ്കജാക്ഷൻ തിരുച്ചെങ്കരകമലമതിൽ ചെമ്മെ ധരിപ്പിച്ചും എന്ന്യേദാരാക്കി വാഴിച്ചിരുത്തിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഇതിന്റെശേഷം ഈ മഹാരാജാവിന്റെ പ്രജാപരിപാലനത്തിന്റെ ഗുണോല്ക്കൎഷങ്ങളും നാട്ടിന്റെ നന്മയ്ക്കായി തന്നാൽ നിയമിച്ച നാനാവിധശ്രേയസ്കരങ്ങളായ നടപടികളുടെ സൽക്കീൎത്തിയും നീളെ പ്രസിദ്ധമായി ലോകവിശ്രുതനായിത്തീൎന്നു. അത്രയുമല്ല, കത്തോലിക്കാ സത്യവേദവൎദ്ധിപ്പിന്നുവേണ്ടി അനുദിനം പരിശ്രമിച്ചു സത്യവിശ്വാസംപരത്തിവരികയും ഏറിയ സൽക്കൎമ്മങ്ങളും പുണ്യപ്രവൃത്തികളുംകൊണ്ടു നാൾക്കുനാൾ സുകൃതവാനെന്നു വിളിക്കുവാൻ ഇടവരികയും ചെയ്തു വിവരം അത്രയും അക്കാലം കത്തോലിക്കത്തിരുസ്സഭ

Christian Musicological Society of India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA

യെ മരിച്ചുവന്ന അദ്രിയാനെന്ന മാപ്പാപ്പാ അറിഞ്ഞു് അത്യന്തം സന്തോഷിച്ചുവന്നു. എന്നാൽ ഈ ശുദ്ധ പാപ്പാ ഇത്താല്യരാജ്യത്തും മറ്റും വേദാപദ്രവികളായിട്ടും അവിശ്വാസികളായിട്ടും കണ്ടെത്തിയ പതിതരെ സത്യവിശ്വാസത്തോടു ചേൎത്തുകൊള്ളുന്നതിനും പതിതമതം നിൎമ്മൂലപ്പെടുത്തുന്നതിനും ഇടത്തൂട്ടുകളെ നശിപ്പിക്കുന്നതിനും വേണ്ടി ഒഴിവില്ലാതെ യുദ്ധംചെയ്തു ജയിച്ചു് സത്യവേദം പരത്തിയും പള്ളികളെ പണിയിപ്പിച്ചും വിശ്വാസവൎദ്ധിപ്പിനും പുണ്യവാളന്മാരുടെ സ്വരൂപത്തെയും മററും വണങ്ങുന്നതിനു കല്പന കൊടുത്തു വന്നാറെയും, ഇത്താല്യായിൽ പ്രബലപ്പെട്ട പല വേദദ്രോഹികളെ അടക്കുന്നതിനു പാരം വിഷമമുണ്ടാകയാൽ തന്റെ സഹായത്തിനു സൈന്യത്തോടുകൂടി റോമാപുരിക്കു കാറൽമാൻ എമ്പ്രദോരു വരണമെന്നു ശുദ്ധ അദ്രിയാൻപാപ്പാ കത്തയച്ചു. ആ ആഗ്രഹത്തിന്നനുസരിച്ചു് എമ്പ്രദോരും ഏറിയ പടസന്നാഹങ്ങളും ഒന്നിച്ചു് ഫ്രാൻസിൽനിന്നു് ഇത്താല്യാരാജ്യത്തേയ്ക്കു യുദ്ധയാനം ചെയ്തു. റോമാപുരിയിൽ എത്തിയ ഉടനെ ശുദ്ധ അദ്രിയാൻപാപ്പായും തന്റെ പ്രധാന പരിവാരങ്ങളും പ്രഭുക്കന്മാരും റോമായിലെ പൌരന്മാരുംകൂടി ബഹു കോലാഹലത്തോടു് എതിരേററു രാജധാനിയിൽകയററി പാൎപ്പിച്ചു. അതിന്റെ ശേഷം പാപ്പായുടെ സൈന്യത്തെ എമ്പ്രദോരിന്റെ പടയാളികളോടു് ഒന്നിച്ചുചേൎത്തു് ഇത്താല്യായിൽ എല്ലാ ദിക്കിലും ചെന്നു ശത്രുക്കളോടു യുദ്ധംചെയ്തു് അവരെ കീഴടക്കി ലൊമ്പാദിയാ എന്ന ഒരു സ്ഥലം ഒഴികെ എല്ലായിടവും അവയിൽപ്പെട്ട ഗ്രാമങ്ങൾ കോട്ടകൾ പട്ടണങ്ങൾ അശേഷം മാപ്പാപ്പായ്ക്കു കീഴടക്കി അവിശ്വാസികളെ നശിപ്പിച്ചു് സത്യവിശ്വാസം എങ്ങും സ്ഥിരപ്പെടുത്തി. അവിടവിടെയായിട്ടു 153 മെത്രാന്മാരെയും, മെത്രാപ്പൊലീത്തന്മാരെയും, ഗുരുശ്രേഷ്ഠന്മാരെയും നിയമിച്ചതിൽ വിശേഷിച്ചു് ഒരു പുണ്യവാനായ ദേഹത്തിന്നു് 'എപ്പിസ്കോപ്പാ' സ്ഥാനവും കൊടുപ്പിച്ചു റോമാ തിരുസ്സഭയുടെ അഭിവൃദ്ധിക്കു് ആസ്പദമായ സകല സ്വാതന്ത്ര്യവും സ്വയാധികാരവും പാപ്പായ്ക്കു വരുത്തി. കാറൽമാൻ എമ്പ്രദോരും തന്റെ പുത്രന്മാരായ പിപ്പിനും ലൂയീസും എന്നീ രണ്ടു രാജകുമാരന്മാരും തന്റെ പോർപതികളായ പന്ത്രണ്ടു പാരിമാരും ശേഷം കൂടിയ സകല പടയാളികളും സത്യവേദവൎദ്ധനയ്ക്കായി ഏറിയനാൾ കഠിനപട നടത്തി അവിശ്വാസികളെയും എടത്തൂട്ടുകാരേയും മൂലച്ഛേദം വരുത്തി പൂൎണ്ണജയം പ്രാപിച്ചു് ജയസന്തോഷത്തോടുകൂടി ഇത്താല്യായുടെ ഉൾപ്രദേശംവിട്ടു റോമാപുരിക്കു മടങ്ങിവന്നു.



Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# 8-ാം അദ്ധ്യായം

## കാറൾമാൻഎമ്പ്രദോരു് തന്റെ മക്കൾക്കു വിദ്യാഭ്യാസം മുതലായവ പഠിപ്പിച്ച വിവരം.

എമ്പ്രദോരിന്റെ ആൺമക്കൾക്കു പ്രധാനമായി ക്രിസ്തീയ വേദോപദേശവും, സൎവ്വശാസ്ത്രകലാജ്ഞാനസിദ്ധാന്തകൌമുദി മുതലായ വിദ്യകളും, സാനന്ദസംഗീതസാഹിത്യാദി സകല കുശലവിദ്യകളും ഭൂപതിപ്രവരന്മാർ മുഖ്യമായി അറിവാനുള്ള സാരമാം സാമോപായം തുടങ്ങിയുള്ള ചതുരുപായങ്ങളും നാനാവിധ കാൎയ്യഗ്രാഹ്യത്തിനു പോരുന്ന ആറു നയങ്ങളും, നീതിന്യായനിൎമ്മാണ നിഖിലസ്മൃതിശാസ്ത്രങ്ങളും, വിശേഷിച്ചു് ആയോധനത്തിനു് അതിയോഗ്യമായ അനവധി രണവിദ്യ ധനുൎവ്വേദം കുതിരയോട്ടം നായാട്ടുകളത്രയും അഭ്യസിപ്പിച്ചു് അവററിൽ എല്ലാററിലും എത്രയും പ്രാപ്തന്മാരാക്കുകയും ചെയ്തപോലെ പെൺമക്കളേയും പ്രത്യേകിച്ചു അക്ഷരവിദ്യ അഭ്യസിപ്പിച്ചതുകൂടാതെ വധൂവൎഗ്ഗങ്ങൾക്കുവിധിവത്തായ തുന്നൽപണി, നൂലുനൂല്ക്കുക, നെയ്ത്തുവേലകളാദിയായ കൈപ്പണികളത്രയുംബഹുവിചിത്രതരമായിപഠിപ്പിക്കയുംചെയ്തു.

അപ്രകാരംതന്നെ എമ്പ്രദോരും ജീവിച്ചിരുന്ന കാലത്തിൽ കാൽക്ഷണനേരമെങ്കിലും ഒഴിവുള്ളപ്പോൾ ആയതു വ്യൎത്ഥമാക്കാതെ ആ അവസരത്തിൽ എന്തെങ്കിലും വായിച്ചും എഴുതിയും വന്നിരുന്നു. എന്തുകൊണ്ടെന്നാൽ ശുദ്ധ പൌലോസ്ശ്ലീഹായുടെ കുറിയിൽ പറയുന്നപ്രകാരം നാം എല്ലായ്പോഴും നല്ല പ്രവൃത്തി എന്തെങ്കിലും ചെയ്തുകൊണ്ടിരുന്നാൽ പരീക്ഷകൊണ്ടു് നമ്മളെ ദോഷത്തിലകപ്പെടുത്തുന്നതിനുള്ള സമയവും ഒഴിവും പിശാചിനു കിട്ടുന്നതല്ല. അതുകൊണ്ടു് വൃഥാ ഇരിക്കുന്നവൎക്കു തണ്യനിരൂപണകൾക്കിടകൂടാതിരിപ്പാൻ എന്തെങ്കിലും പ്രവൃത്തി ചെയ്തിരിക്കേണ്ടതു് എല്ലാവൎക്കും ആവശ്യമെന്നു നാം പഠിക്കയും ചെയ്യുന്നല്ലൊ? കാറൾമാൻഎമ്പ്രദോരു തന്റെ കൊട്ടാരത്തിൽ പരിശുദ്ധ കന്യമറിയത്തിന്റെ നാമത്തിൽ ഒരു ദേവാലയം പണിചെയ്തു ജീവാവസാനംവരെ അവിടെ ചെന്നു പ്രാൎത്ഥിച്ചുംവന്നു.

# 9-ാം അദ്ധ്യായം

## കാറൾമാൻഎമ്പ്രദോരിന്റെ വിദ്യാഭ്യാസവാസനയും ദിനചര്യകളും ദാനധൎമ്മങ്ങളും നീതിന്യായം നടത്തലും

കാറൾമാൻഎമ്പ്രദോരു് സൎവ്വശാസ്ത്രസംപൂൎണ്ണസമ്പന്നനും വിവിധ വിദ്യാഭ്യാസ വിദഗ്ദ്ധനും നിഖിലവേദാന്ത നിപാഠനങ്ങൾ

Christian Musicological Society of India
www.TheCMSIndia.org

ക്ക ബഹുനിപുണനും ആയിരുന്നതിനാൽ ഒഴിവുണ്ടായ സമയം ഒക്കെയും ഓരോവകശാസ്ത്രപുസ്തകങ്ങൾ വായിച്ചുകൊണ്ടുവന്നു. അതിൽ വിശേഷിച്ച് അനുദിനം മൂന്നുനേരം തന്റെ അരമനയ്ക്കന്തികത്തു് ആരാധനയ്ക്കായി മോക്ഷരാജ്ഞിയുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന മനോഹര ദേവാലയത്തിൽ ചെന്നു പ്രണമിച്ചും ദണ്ഡനമസ്കാരം ചെയ്തും വന്നു. അത്രയുമല്ല, എല്ലാ പള്ളികൾക്കും ഏറിയ ദാനങ്ങൾ മുടങ്ങാതെ കൊടുത്തുവന്നതുകൂടാതെ നാടോടെ ധർമ്മം നടത്തുന്നതിനു പ്രത്യേക ചട്ടങ്ങൾ നിയമിക്കുകയും ചെയ്തു. അതുപോലെതന്നെ കൊല്ലന്തോറും സീറിയ, ജരുസലം, എജിപ്തു് എന്നീ ദേശങ്ങളിൽ കൂടി ധർമ്മം കൊടുക്കുന്നതിനു വളരെ വളരെ ദ്രവ്യം കൊടുത്തയച്ചും വന്നു വായനയിന്മേൽ അതിവാഞ്ഛയുള്ളവനായിരുന്നതിനാൽ ആത്മാവിനു് ആഹാരം കണക്കെ അശനസമയത്തുകൂടി ചിലപ്പോൾ പുസ്തകം നോക്കിക്കൊണ്ടുതന്നെ ഭക്ഷിച്ചുവന്നു. താൻ വായിക്കുന്ന പുസ്തകങ്ങളിൽവെച്ചു് ആദിമുഖ്യമായി വിചാരിച്ചുവന്നതു് "ദൈവത്തിന്റെ കോട്ട" എന്നു നാമധേയമുള്ള ഒരു വേദപുസ്തകമായിരുന്നു. സന്ധ്യാനിയമവും അത്താഴവും കഴിച്ചു ശയനഗൃഹംപുക്കു സപ്രമഞ്ചത്തിൽ ഏറി നിദ്രചെയ്താലും രാത്രിയിൽ മൂന്നുപ്രാവശ്യം ഉണർന്നെഴുന്നേററു് ഉലാത്തുക ശീലമായിരുന്നു. തന്റെ വിസ്താരമേറിയ മഹാരാജ്യത്തിൽ നിവസിച്ചിരുന്ന സമസ്ത പ്രജകളുടെയും സുഖദുഃഖാവസ്ഥകൾ അറിയുന്നതിനും എല്ലാവരിലും എല്ലായിടത്തും നിരന്തരം ധർമ്മനീതി ലംഘനം കൂടാതെ നടന്നുപോരുന്നുണ്ടോ എന്നും, പ്രജാപരിപാലനത്തിനു് അവിടവിടെ നിയമിച്ചിട്ടുള്ള അധികാരികളുടെ പ്രവൃത്തികൾ അധർമ്മമെന്യേ നടത്തുന്നുണ്ടോ എന്നും, അതാതു സമയത്തു യഥായോഗ്യമായി നിയമിക്കുന്ന രാജ്യഭാരചട്ടങ്ങളൊക്കെയും ക്രമപ്രകാരം നടത്തുന്നുണ്ടോ എന്നും, അന്വേഷിച്ചുവരുന്നതിനു ദൈവഭയവും രാജഭക്തിയും പരസ്നേഹവും പരമാർത്ഥശീലവും ഉള്ള അമാത്യന്മാരെ തിരഞ്ഞെടുത്തു രാജ്യത്തെല്ലായിടത്തും സഞ്ചരിച്ചറിഞ്ഞുവരുന്നതിന്നു് ആണ്ടുതോറും അയച്ചുവരുന്നതും പതിവായിരുന്നു. ഇത്തരം മഹത്തായ ധർമ്മനീതിനടത്തലിനാൽ ദുഷ്ടരെ ശിക്ഷിച്ചും ശിഷ്ടരെ രക്ഷിച്ചും വന്ന ശ്ലാഘനീയമായ രാജ്യരക്ഷണത്തിന്റെ പ്രഖ്യാതിയും എമ്പ്രദോരിന്റെ അനിർവ്വാച്യമായ മഹിമയും അവുരം എന്നു പേരായ പാർസ്യാരാജ്യത്തിന്റെ രാജാവു കേട്ടിട്ടു താൻ എമ്പ്രദോരിന്നൊരു പ്രേമബന്ധുവായിരിക്കേണ്ടതാവശ്യമായി കാൺകയാൽ ആയതിന്നുവേണ്ടി സത്യവേദത്തെപ്രതി ശത്രുക്കളാൽ കൊല്ലപ്പെട്ട വേദസാക്ഷികളായിത്തീർന്ന സിപ്രിയാനെന്നും എസ്റ്റേരാത്തോ എ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org